

# വാക

**DIGITAL MAGAZINE**
**BY**
**LITTLE KITE UNIT**
**BRAHMANANDODAYAM SCHOOL**
**KALADY**

BRAHMANANDODAYAM HIGHER SECONDARY SCHOOL
KALADY

# വാക

## DIGITAL MAGAZINE
## BY LITTLE KITES
## 2019-2020



മറ്റുള്ളവരുടെ ഗുണദോഷങ്ങളെ
വിമർശിച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ
വെറുതെ സമയം കളയുകയാണ്



## പരിശുദ്ധമായ മനസിൽ
## വിവേകവും വിജ്ഞാനവും
## ഉദയം ചെയ്യുന്നു



# ബലമാണ് ജീവിതം ദൗർബല്യം മരണമാണ്



Agamananda Swamikal
Founder

*Members*
*Club of Information Technology*
*Brahmanandodayam Digital Magazine*
*BHS, Kalady*



*25-01-2020*

*Dear Little Members of Little Kite,*

*I am delighted to know you are starting a IT club in our School.*

*Our former president of India, Dr. Abdul Kalam had a vision of India becoming a developed nation by 2020.He gave the road map in one of the speeches as follows. "Transforming the nation into a developed country, five areas in one combination have been identified based on India's core competence, natural resources and talented manpower for integrated action to double the growth rate of GDP and realize the Vision of Developed India".*

*In ordered to ensure his vision youngsters like you must become a talented manpower in producing the advancements in the software and digital world.*

*Indians are the major contributors in the software and digital world globally .But they hardly contribute to their Mother India .I wish our School children to work in a little different way . Become as good software professional as our NRI Indians but contribute your talents to making India a great country .*

*Swami Vivekananda once said "Give me 100 young energetic youth, I shall transform India" ...I wish you to become a soldier among the 100 youngsters of Swamiji and bring back the pristine glory of India.*

*Yours in the service of Lord,*
*Swami Srividyananda*
*Manager*




## കെ ജി  ഉണ്ണികൃഷ്ണൻ കർത്താ

(പ്രധാന അദ്ധ്യാപകൻ)

ചിറകുവിരിച്ച പറക്കു നിങ്ങൾ
ഉയരങ്ങളിൽലെത്തും
ഉൻമേഷത്തോടെ പഠിച്ചീടാം
ഊർജസ്വലരായീടാം
ലിറ്റിൽ കൈറ്റ്സിൽ കൂടി നിങ്ങൾ
ശോഭനഭാവിയിലെത്തിടും
ഈ ഡിജിറ്റൽ പതിപ്പതിന്റെ
നല്ല തുടക്കമാകട്ടെ
വിജയാശംസകൾ

നേരുന്നു

# എഡിറ്റോറിയൽ



ഈ വിദ്യാലയത്തിന്റെ ശക്തിയും ഓജസ്സും ഇവിടുത്തെ കുട്ടികളാണ് . അവരരുടെ സർഗാത്മിക ശേഷി വളർത്തതുന്നതിനുള്ള വേദിയൊരുക്കണം എന്ന ആഗ്രഹമാണ് ഈ മാഗസിന്റെ പ്രേരക ശക്തി . വ്യക്തിക്കതീതമായ സഹവർത്തിത്വത്തിന്റെ സാക്ഷാത്കാരമാണ് ഈ സൃഷ്ടി . ഇതിന്റെ പണിപ്പുരയിൽ പങ്കാളിയായ സജ്ജനങ്ങൾക്കും ഇവിടുത്തെ അദ്ധ്യാപകരുടേയും പ്രത്യേകിച്ച് മാഗസിൻ കമ്മിറ്റിയുടെയും എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു .

പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തികഞ്ഞ സന്തോഷത്തോടെ ചാരിതാർഥ്യത്തോടെ ഞങ്ങൾ സമർപ്പിക്കുന്നു...

ബാബു

## ഇതളുകൾ വിടരുമ്പോൾ

എഡിറ്റോറിയൽ........8
ഇതളുകൾ വിടരുമ്പോൾ........9
ആകാശം........11
ശ്രീരാമകൃഷ്ണമഠത്തിന്റെ ആഗോള വൈസ്പ്രസിഡന്റ് ശ്രീമദ് ഗൗതമാനന്ദജി മഹാരാജ് കാലടി സന്ദർശിച്ചപ്പോൾ........13
അമ്മ........20
സ്കൂൾ വാർഷികം ചിത്രങ്ങളിലൂടെ........21
Acidity Prevention and Cure........30
കടങ്കഥൾ........31
എന്റെ അമ്മ........34
കാത്തിരിപ്പ്........35
പ്രകൃതിയിലെ ഗണിതം........36
മഴ........37
ആകാശം........38
പൂമ്പാറ്റ........39
കുഞ്ഞന്റെ പിറന്നാൾ........40
കൃഷി ചൊല്ലുകൾ........41
?പേര് പറയാമോ........42
വഴിയോരകാഴ്ച്ചകൾ........43
YOGA AND NATUROPATHY........44
National Youth Day........47
കണ്ണാടി........50
മഹാകവികൾ........51
ഔഷധച്ചെടികൾ........58
അദ്ധ്യാപകദിനം........60
My class teacher........61
ജി ശങ്കരകുറുപ്പ്........62
കലാമിന്റെ വചനങ്ങൾ........63



# ആകാശം

ആകാശമേ നിൻ മനസ്സ്
നിന്നെപ്പോലെ തന്നെ വിശാലമാണ്
നിൻ കണ്ണ് നിറയുമ്പോൾ അത്
അത് ഇവിടെ മഴയായ് പെയ്യുന്നു

നീ കലികൊള്ളുമ്പോൾ അത് മിന്നലായ് മാറുന്നു
നീ പുഞ്ചിരിക്കുമ്പോൾ അത്
മഴവില്ലായ് മാറുന്നു
രാത്രിയുടെ ഇരുളിമയിൽ നിലാവെളിച്ചത്തിൽ
നീ നക്ഷത്രങ്ങളാൽ അലങ്കരിക്കപ്പെടുന്നു

നിൻ അഴക് എന്നെ മതിമയക്കുന്നു

കത്തിജ്വലിക്കും സൂര്യനെ നീ നിൻ
ഹൃദയത്തിൽ പ്രതിഷ്ഠിച്ചു
വെണ്ണിലാവിനെ നീ നിൻ
കണ്ണുകളിൽ ഏന്തി
ഇനിയും നിൻ സ്വരനാദം
കേൾക്കാനായില്ല സഖീ

നിൻ അരികിൽ വരാൻ
കൊതിക്കുന്നു ഞാൻ
സാധിക്കുന്നില്ലെനിക്ക് പക്ഷെ
പരിശ്രമിച്ചുകൊണ്ടേയിരിക്കും ഞാൻ
എൻ അന്ത്യം വരെ നിന്നെ

ഒരു നോക്ക് കാണാൻ എൻ ഹൃദയം
തുടിക്കുന്നു നിനക്കായ് ഞാൻ
തളിർക്കുന്നു നിനക്കായ് ഞാൻ
ആകാശമേ നിൻ പ്രിയമാകാൻ
താത്പര്യപ്പെടുന്നു ഞാൻ സഖേ

PAARVATHI ANIL

## ശ്രീരാമകൃഷ്ണമഠത്തിന്റെ ആഗോള വൈസ്പ്രസിഡന്റ് ശ്രീമദ് ഗൗതമാനന്ദജി മഹാരാജ് കാലടി സന്ദർശിച്ചപ്പോൾ












HEARTY WELCOM
TO
SRIMAT SWAMI
GAUTAMANANDAJI MAHARAJ




SARADA
BOOK STALL













## അമ്മ



സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും മഹാസമുദ്രമാണ് നമ്മുടെ 'അമ്മ.നമ്മൾ എന്തെല്ലാം തെറ്റുകൾ ചെയ്താലും അതെല്ലാം മറന്ന നമ്മുടെഅടുത്ത വന്ന ഒരു ഉമ്മയും സ്നേഹത്തോടെവിളിക്കുന്ന മോനെ എന്ന വിളി അത് നമുക്ക് ആശ്വാസം തരുന്നതാണ്.നമ്മുടെ സ്കൂളിൽ എന്തെല്ലാം പ്രശ്നങ്ങൾ നടന്നാലും അത് നമ്മൾ ആദ്യം പറയുന്നത് നമ്മുടെ അമ്മയുടെ അടുത്താണ്.നമ്മൾ ഒരു കാര്യം ഓർക്കണം .ചെറുപ്പക്കാലത്തും നമ്മൾ എത്ര വളർന്നു വന്നാലും നമ്മുക്ക് എന്തെങ്കിലും പറ്റിയാൽ അമ്മമാർ മാറി നിന്ന് കരയും.തന്റെ മക്കൾക്ക് വേണ്ടി എത്ര പൈസ  കളയാനും മടിക്കാത്ത അമ്മമാർ. അവർ ഒരു കാര്യവും തിരികെ ആഗ്രഹിച്ചല്ല നാം പറയുന്നവതെല്ലാം ചെയ്തു തരുന്നത്.അവർ എന്തെല്ലാം നമ്മുക്ക് തരുന്ന അതൊന്നും തിരിച്ച തരുമെന്ന് പ്രതീക്ഷിച്ചിട്ടല്ല അവർ നമ്മുക്ക് എല്ലാം നൽകുന്നത്.അവർ എന്തെല്ലാം നമ്മുക്ക് തരുന്ന അതൊന്നും തിരിച്ച തരുമെന്ന് പ്രതീക്ഷിച്ചിട്ടല്ല അവർ നമ്മുക്ക് എല്ലാം നൽകുന്നത്.ഞാൻ അമ്മയിൽ നിന്ന് മാറി നിന്നപ്പോഴാണ് അമ്മയുടെ കുറവറിയുന്നത് .എനിക്ക് എന്തെല്ലാം ചെയ്തു തരുമായിരുന്ന എന്റെ 'അമ്മ .ഞാനിപ്പോൾ ഹോസ്റ്റലിൽ നിൽക്കുമ്പോൾ അമ്മയെ ഒരുപാട് മിസ് ചെയ്യുന്നു.ഒരുപാടേറെ സങ്കടത്തിലാണ് ഞാൻ ഇതെഴുതുന്നത്.അത്രക്ക് ഇഷ്ട്ടമാണ് എന്റെ അമ്മയെ .

**ARJUN**

# സ്കൂൾ വാർഷികം ചിത്രങ്ങളിലൂടെ







ബ്രഹ്മാനന്ദോദയം സ്കൂൾ
വാർഷികാഘോഷം
03.01.20




UNIVERSAL TEMPLE
AUDITORIUM


BRAHMANANDODAYAM HIGHER SECONDARY SCHOOL [BHSS]
[A UNIT OF SRI RAMAKRISHNA ADVAITA ASHRAMA, KALADY]
I to XII Stds. English & Malayalam Medium

# Acidity Prevention and Cure

Acidity is a common problem seen in about 90% of the people nowadays. There are lot of reasons that cause acidity. It can be due to wrong eating habit or as a side effect of disease.

- Eating a banana as soon as a discomfort due to acidity starts will give a temporary relief to it. Drinking lots of water is good. Half a glass of milk with half a glass of water is good at bed time.
- Avoid fizzy drinks and bottled and tinned food and drinks.
- Never drink soda when there is acidity. Many people do that which will only increase the discomfort.
- Say No to fast food and pizza. Always go for homemade food.
- Avoid fatty, spicy and masala food and control body weight.
- Eat slowly, avoid alcohol, no overeating and keep away stress and strain.

# കടങ്കഥകൾ

അമ്മ കിടക്കയിൽ മകൾ നൃത്തശാലയിൽ - അമ്മികല്ല

ആഹാരത്തിൽ ഒന്നുണ്ട് പ്രകശത്തിൽ രണ്ടാമൽ,ശംഖിലുമുണ്ട് ഞാനുണ്ട് ആരാണീ ഞാൻ ചൊല്ലാമോ - ആകാശം

ഇടവഴിയിലൂടൊരു കരിവടിയോടി - പാമ്പ്

ഈച്ചയിരിക്കാത്ത ഇറച്ചി പൂച്ചക്കു വേണ്ടാത്ത ഈറച്ചീ - തീക്കട്ട

ഉറങ്ങിയാലും കണ്ണടക്കില്ല - മത്സ്യം

ഊട്ടുപുരയിൽ കരുട്ടാന - പത്തായം

എൻ്റെ കുളത്തിലെ മീനിന് മുള്ളില്ല -നാക്ക്

ഒരാൾക്ക് തലയിലും കാലിലും തൊപ്പി - ഉലക്ക

ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര - ചെരുപ്പ്

കാലമെത്ര കഴിഞ്ഞാലും ആ പഴയ സ്കൂളിനു മുന്നിലൂടെ കടന്നുപോകുമ്പോൾ ഓർമ്മകൾ അകത്തേക്ക് മാടിവിളിക്കുന്നു. കൂട്ടുകാർക്കൊപ്പം ഓടിക്കളിച്ചൊരു മുറ്റവും അടിപിടി കൂടിയ ഇടനാഴികളും ഒച്ചവച്ച ക്ലാസ്സ്മുറികളും കാണുമ്പോൾ മനസ്സിലേക്ക് കടന്നുവരുന്ന ആ അനുഭൂതിയെ എന്ത് പേരിട്ടാണ് വിളിക്കേണ്ടത് ? അറിയാതെ മനസ്സ് അന്വേഷിച്ച് പോകുന്നു. ബ്ലേഡ് കൊണ്ട് ചുരണ്ടി തന്റെയും കൂട്ടുകാരുടെയും പേരുകൾ ആലേഖനം ചെയ്ത ആ ബെഞ്ചും ഡെസ്കും ഇപ്പോഴും ഉണ്ടാകുമോ ?



## എന്റെ അമ്മ



അമ്മയൊരു നന്മതൻ നിറകുടം
മക്കളെ സ്നേഹിച്ചുജീവിച്ച
തൻ ജീവിതം
പൂർണതയിൽഎത്തിക്കുന്ന

അമ്മയൊരു സഹനത്തിൻ പ്രതീകം
മക്കളുടെ തെറ്റുകൾ, കുറവുകൾ സഹിച്ച
തൻ ജീവിതം ക്ലേശപൂർണമാക്കി ജനനി

അമ്മയൊരു സ്നേഹത്തിന് തേനരുവി
മക്കളുടെ മനസ്സിനെ സ്നേഹത്താൽ കീഴടക്കി
തൻ സ്നേഹജീവിതം പൂർണമാക്കിയിടുന്നു

അമ്മയൊരു സത്യത്തിൽ ശിലാ
മക്കളെ  സത്യവീഥിയിൽ വളർത്തി, നയിച്ച
തൻ ജീവിതംസത്യത്തിൽ വിളനിലമാക്കിടുന്നു

അമ്മയെ സ്നേഹിച്ചൊരുണികൾക്കെല്ലാം
തങ്ങൾ തൻ ജീവിതം ഐശ്വര്യപൂർണ്ണമായി.

ഗൗരി നന്ദന.എ. വി

## കാത്തിരിപ്പ്

മൗനമാം കല്ലറക്കുള്ളിൽ അടിച്ചമർത്തിയ ചുടു

നെടുവീർപ്പുകൾ വിണ്ടുകീറി വിത്തമ്പുന്നു,

ഇടനെഞ്ച് പൊട്ടി കലങ്ങുന്ന കണ്ണുകളിൽ

അഭിശപ്ത സായന്തര പ്രതിധ്വനികൾ മാത്രം

പൊയ്പ്പോയ വസന്ത സഹന്ന സന്ധ്യയിൽ

നിന്നുയരുന്ന ജീവിത മോഹകനവുകൾ,.

ഉറവുയർത്തിയ അമ്മക്കണ്ണുകളിൽ നിന്നുതിരുന്ന

സങ്കട കുതിപ്പുകൾ മൂകമായ സ്നേഹഗീതകങ്ങൾ ,

നിറമുള്ള മയിൽ പീലിയൊരു മഴവില്ല്

തീർക്കുവാൻ ഒരു നനുത്ത സ്പർശനമെവിടെ ?

കൊഴിഞ്ഞ തൂവലുകൾ പെറുക്കിഎടുക്കുവാൻ

മാത്രമാനെഗിലും ഒരു മുഗ്ധ സാന്ദ്രണം ..................

മറക്കാനോ ഇനിയുമന്യമായ പ്രണയവും

യുഗാന്തരങ്ങൾ നീളുന്ന കാത്തിരിപ്പും .

സി പി സുമാദേവി

# പ്രകൃതിയിലെ ഗണിതം

ഗണിതശാസ്ത്രത്തിന പ്രത്യേകിച്ച് ജ്യാമിതിക്ക് കലയിലും സംഗീതത്തിലുമുള്ള സ്ഥാനം വളരെ പുരാതനമായിത്തന്നെ തെളിയിച്ചിട്ടുണ്ട് .
ഇറ്റാലിയൻ ഗണിത ശാസ്ത്രജ്ഞനായ ഫിബാനാച്ചി പ്രകൃതിയിൽ കാണപ്പെടുന്ന സംഖ്യശ്രേണികളെക്കുറിച്ച വിശദീകരിക്കുന്നത് ശ്രദ്ധേയമാണ് .
തേനീച്ചകളുടെ വംശവർധനയിൽ ആണീച്ചകളുടെ വർധനക്കിടയിൽ 1 ,1 ,2 ,3 ,5 .......എന്നിങ്ങനെയുള്ള ശ്രേണി കാണാം .
ചില ചെടികളുടെ ക്രമീകരണം പൂക്കളുടെ ഇതളുകൾ തുടങ്ങിയവയിലൊക്കെത്തന്നെ ഫിബാനാച്ചി സംഖ്യകളുടെ സാനിധ്യം കാണാം .
ഫിബാനാച്ചി ശ്രേണിയിൽ ഓരോ പദവും തൊട്ടുമുമ്പിലുള്ള രണ്ടുപദങ്ങളുടെയും തുകയാണ് . ഇത് (1 .618033) ശ്രേണിയിൽ കാണാം .

അതായത്

1/1 = 1
2/1 = 2
3/2 = 1.5
5/3 = 1.66
8/5 = 1.6
13/8 = 1.625
21/13= 1.6154...
987/610 = 1.618033....

പ്രകൃതിയിലെ ഗണിതത്തിന് മറ്റൊരുദാഹരണമാണ് കൈതച്ചക്ക.കൈതച്ചക്കയുടെ പുറമെ ഷഡ്ഭുജാകൃതിയിലുള്ള തൊലി സർപ്പിളങ്ങൾ ഉണ്ടാകുന്നവെന്ന കാണാം

# മഴ

ജീവിതം മൊട്ടിട്ടുയർന്നാർത്തു

പെരുകുമോരോ മഴക്കും പിന്നെ

എവിടെയോ പോയൊളിക്കും

കാശിത്തുമ്പകൾ അല്ലോ നമ്മൾ

മഴവരും നേരമർത്തു വിളിച്ചത്



നനഞ്ഞോരെൻ ബാല്യം

ഒക്കെ കണ്ടൊരു ചിരിയാർന്നു നില്ലുമെൻ

തേന്മാവുമുത്തശ്ശി പഴങ്ങളാൽ

എന്നെ ഒരുപാടു സൽക്കരിച്ചു . - ഗൗരിനന്ദന .എ .വി



# ആകാശം

സ്വപ്നസഞ്ചാരികളുടെ ഇഷ്ടവസ്തുവാണ് ആകാശം.ആ ആകാശത്തിനുമുണ്ട് പറയാൻ ഒരു നല്ല കഥ.മനസ്സിലലിയും ഒരു കഥ.ആകാശം നക്ഷത്രങ്ങളെ സ്വന്തം മക്കളെ പോലെ സംരക്ഷിക്കും.നക്ഷത്രങ്ങളെ മാത്രമല്ല ചന്ദ്രനെയും,സൂര്യനെയും സംരക്ഷിക്കുന്നു.പക്ഷെ ആകാശം കരയുന്നത് കണ്ടിട്ടുണ്ടോ?മനുഷ്യർ ചെയുന്ന ക്രൂരതകൾകൊണ്ട് സഹിക്കാനാവാതെയാണ് കരയുന്നത്.

ഒരു ദിവസം ആകാശം ഉണരാൻ മറന്നുപോയ്.സൂര്യന്റെ പൊള്ളലേറ്റ് ആകാശം ഞെട്ടി ഉണർന്നു.സൂര്യൻ പറഞ്ഞു അല്ലയോ ആകാശമേ ഉണരാൻ വൈകിയതുകൊണ്ടാണ് ഞാൻ നിന്നെ വിളിച്ചുണർത്തിയത്.മനുഷ്യർ ചെയ്യുന്ന ക്രൂരതകൾ കണ്ട് ഞാൻ കരഞ്ഞാണ് ഉറങ്ങിയത്.പിന്നെ സമയം പോയത് അറിഞ്ഞില്ല .ആകാശം പറഞ്ഞു .സൂര്യൻ പറഞ്ഞു-ശെരിയാണ് ഇവർ ക്രൂരതകൾ ചെയ്ത് ചെയ്ത് നമ്മൾ നാളെ ഇല്ലാതാവുകയാണെങ്കിൽ ഇവർ പിന്നെ വെളിച്ചം കാണുകയില്ല.അപ്പോൾ ഇവർ ഒരു പാഠം പഠിക്കും.സൂര്യന്റെ പൊള്ളലേറ്റാണ് മേഘം ഉണ്ടായതെന്ന് ചില വിശ്വാസങ്ങൾ പറയുന്നു.

-ഭൂമിക ഷാജി

## പൂമ്പാറ്റ




പുഴുവായി പിറന്നൊരു പൂമ്പാറ്റേ
വർണ്ണച്ചിറകിലേറാൻ വരുമോ നീ ....
ഏഴുവർണ്ണങ്ങളേകാം പൊൻ ശലഭമേ
മഴവില്ലിൻ അഴകായ് വരുമോ നീ ....
പച്ചവിരിച്ചുനിൽകും പൂഞ്ചോലയിൽ
പാറി നടക്കാൻ വരുമോ നീ ....
കൂടെ കളിക്കാൻ കൂടെ നടക്കാൻ
നീയെന്നും വരുമോ പൂമ്പാറ്റയെ ....

–അഞ്ജലി കെ .എസ്

# കുഞ്ഞന്റെ പിറന്നാൾ

സമയം ഇരുട്ടി തുടങ്ങി നാളത്തെ കുറിച്ചുള്ള ആശങ്കയിൽ അച്ഛനും  തളച്ചയും കുഞ്ഞനാണെങ്കിൽ നല്ലതേ തന്റെ പിറന്നാൾ ആണെന്നപോലും അറിഞ്ഞിരുന്നില്ല.അവൻ നല്ല സുഗമായി കൂർക്കം വലിച്ച് കിടന്നുറങ്ങി നേരം അടി രാവിലെ ആകുന്ന സൂര്യൻ മയക്കത്തിൽ നിന്നും ഉണരുന്ന സമയം.വീട്ടിലെ ചക്കി കോഴി സൂര്യാസ്തമയത്തെ അഭിവാദനം ചെയ്തു ഉറക്കെ കുകാൻ തുടങ്ങി.സാധാരണ കുഞ്ഞൻ എഴുനേല്ക്കാന് ഏഴുമണിക്കോ എട്ടുമണിക്കോ ഒക്കെയാവും, രാവില്ലേ കുളിക്കില്ല അച്ഛനും അമ്മയും കുളിച്ച് ശുദമായി പൂജാമുറിയിൽ ചെന്നു മകന് വേണ്ടി പ്രാർത്ഥിക്കുകയാണ്. മകൻ ഇതൊന്നും അറിയുന്നില്ല തന്റെ  ആറാമത്തെ പിറന്നാളാണ് ഇന്ന്.യാതൊരു സങ്കടവും ദുഖവും അറിയാതിരിക്കുന്ന ഒരു നിമിഷമാണ് മയക്കം മാത്രമല്ല വരുംതലമുറയെകുറിച്ച് സ്വപ്നം കാണാനും സാദിക്കും ആ സുന്ദരമായ നിമിഷം നഷ്ടപെടുത്തികൊണ്ട് 'അമ്മ വിളിച്ചു മോനെ എണിക്കഡാ കേട്ടഭാവം നടിക്കാതെ കുട്ടി.അവൻ തിരിഞ്ഞും മറഞ്ഞും കിടന്നു.അച്ഛൻ വന് ഹനുമാൻ മാള എടുക്കുന്നതുപോലെ കുഞ്ഞനെ എടുത്തുയർത്തി ഷവറിന്റെ മുമ്പിൽ കൊണ്ട് വന് നിർത്തി ഇടോണം അവനറിഞ്ഞിലമഴതുലികൾ പോലെ ഷവറിൽ നിന്നും ജലം ധാര ധാരയായി അവന്റെ ദേഹത്ത് വന്നു പതിച്ചു.അവൻ ഞെട്ടിയെഴുന്നേറ്റു തന്റെ അച്ഛനും അമ്മയും കാത്തുവച്ചിരുന്ന ആ സസ്പെൻസ് അവർ പുറത്തുവിട്ടു 'ഇന്ന് നിന്റെ ആറാം പിറന്നാളാണ്' .അവൻ ഞെട്ടിപോയി.ഇങ്ങനെ ഒരു സംഭവം ഇതാദ്യമായിട്ടാണ് 'അമ്മ നൽകിയ ചകരയുംയാണ് അവന്ടെ പിറന്നാൾസമ്മാനം .അമ്പലത്തിൽ പോയി പാവപെട്ടവർക് അന്നദാനം നടത്തി വീട്ടിൽ നല്ല നാടൻ ഊണും പായസവും.ഇങ്ങനേ കുഞ്ഞന്റെ പിറന്നാൾ സന്തോഷകരവും നിറഞ്ഞ പിറന്നാളായി



judejose

## കൃഷി ചൊല്ലുകൾ

1.ചേറിൽ കുഴിയാതെ ചോറുകുഴക്കരുത്.

2.നെല്ലും പതിരും തിരിച്ചറിയേണം.

3.കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും മാണിക്യം .

4.വിത്തു ഗുണം പത്തു ഗുണം .

5.സമ്പത്തു കാലത്ത് തൈ പത്തു വെച്ചാൽ ആപത്തു കാലത്ത് കാ പത്തു തിന്നാം.

6.മത്ത കുത്തിയാൽ കുമ്പളം മുളക്കുമോ?

7.കല്ലാട്ടും വീട്ടിൽ നെല്ലാട്ടുകയില്ല.

8.തളിരിൽ വളം വെക്കരുത്.

# ?പേര് പറയാമോ

കർഷകന്റെ കല്പ എന്നറിയപ്പെടുന്ന ജീവി -മണ്ണിര

ഡെക്കിപ്പനി പരത്തുന്ന ജീവി ഏത് ? -ഈഡിസ്ഈജിപ്റ്റി

കലുകൾ കൊണ്ട് രുചിയറിയുന്ന ജീവി -ചിത്രശലഭം

എറ്റവും നീളം കൂടിയ കാലുള്ള പക്ഷി -കരിഞ്ചിറകൻ പവിഴക്കാലി


ശബ്ദമുണ്ടാക്കാതെ പറക്കുന്ന ജീവി -മൂങ്ങ

വിരലില്ലാത്ത നഖമുള്ള ജീവി -ആന

ഏറ്റവും ഉയരത്തിൽ പറക്കുന്ന ജീവി -ബാർഹെഡസ് ഗൂസ്

സൂര്യനെ നേരിട്ട് നോക്കുന്ന പക്ഷി -കഴുകൻ

മുയലിനെ എത്ര വാരിയെല്ലുകൾ - 12 ജോഡി



ക്ലോണിങ്ങിലൂടെ ആദ്യമായി സൃഷ്ടിച്ച പശു -ബ്രാൻറ്റഡി

പച്ച രക്തമുള്ള ജീവി -അനിലിഡ

കടലിൽ ചെന്ന് ആത്മഹത്യ ചെയുന്ന ജീവി -ലെമ്മിങ്ങ്

ചിരികുന്ന കഴുത -കക്കാമ്പുറ

# വഴിയോരകാഴ്ച്ചകൾ

കാലമാംമാന്ത്രികത്തേര കടന്നപ്പോൾ
വഴിയോരകാഴച്ചകളൊത്തിരികണ്ടുഞാൻ
കുഞ്ഞായിരുന്നപ്പോൾ  കണ്ടതുമുഴുവനും
കുഞ്ഞുമനസ്സിന്റെ  കൗതുകങ്ങൾ
സുഖമുള്ളനൊമ്പരം കാഴച്ചകൾ നൽകി
കൗമാരകാലം പറന്നകന്നു
നഷ്ടാവന്തങ്ങളൊത്തിരിനൽകി
പ്രൗഡമാം യൗവനം പോയ്മറഞ്ഞു
ജീവിതം ഓമനിച്ചേകിയതൊകയും
സുകദുഖസമ്മിശ്രകാഴ്ച്ചകളും
കാലം കടന്നപ്പോൾ കാണുന്നുഞാനിന്ന്
വേറിട്ടകാഴ്ചകളൊത്തിരിയും
വിശ്വാസഗോപുരം തട്ടിത്തകർക്കും  വഴിയോര
കാഴ്ചകൾ മാത്രമാകാം

ബി . വസന്തകുമാരി

# YOGA AND NATUROPATHY

**RAJITH SANKAR**

## INTRODUCTION:

In today's technology dominated world, physical activity decreased.
So it leads to all kinds of mental and physicalillness.
Regular practice of yoga and controlled life style helps to maintain health and well being.
It provides one of the best means of self improvement and attaining once full potential.

## YOGA :-

"Yoga is defined as a method by which restless mind is found and energy directed into constructive channels".
Effect of Yoga:
Yoga programmes which train large muscle groups, result in an increase in maximally oxygen uptake.
They result in metabolic changes and reduction in blood lipid levels. Some specific yoga practices for control stress. Aims of yoga:
The aim of yoga is to have all round progress in human life Physically, intellectually, and spiritually.
Thousands of people both men and women who are aware of the importance of personal growing has adopted yoga as a part of their life, gradually Yoga is becoming a life style almost a fashion of the modem world.
People adopted yoga as tool keep the body and mind fit, to cure diseases by improving the function of vital organs of the body.
Yoga is practised for peace of mind and also to improve beauty. Yoga helps us to cope with life with in ourselves with a more fit body and finer mind.
The utility of yoga is unique. For tense people it gives relaxation, for the millions of sick people, especially those suffering from chronic diseases, it proves a boom this highly promising curative and

preventive effects.
Yoga also develops creative powers, provides confidence and sharpens the knowledge.
The athletes, sportsman, wrestlers, boxers and mountaineers, it enhances physical stamina and the presence of mind by slowing down the metabolism of the body naturally.

## Naturopathy:

“Naturopathy or Naturopathic medicine is a system of medicine based on the healing power of nature”.
“Naturopathic medicine is a distinct system of primary Health care an art, science, philosophy and practice of diagnosis, treatment and prevention of illness”.

•

In ancient India or for that reason in the whole world - herbs, Fruits and vegetables, and natural ways were used to cure the diseases and enhance beauty of body.

• The usefulness of this age-old tradition is againThe yogic exercises or asanas are easiest, inexpensive and the surest to cure almost any chronic or acute diseases and beautify human body.
The practice of correct yoga postures along with naturopathy treatment leave a miraculous effect.
When you feel any physical problem instead of going for a medicine, learn how to make yourself cure by natural ways.
Learn how to get rid of skin problems, hair problems, stress problems obesity, and other chronic diseases etc.,

## Naturopathic today:

Modern Naturopathic physicians use therapies that are primarily natural and non- tonic.
This include clinical nutrition homeopathy, botanical medicine hydrotherapy, physical medicine and counseling.

## Naturopathic medicine:

To treat the patient and recognition that the patient’s mental, emotional and physical status.
To support and stimulate this healing power of nature.
Naturopathic premise is to diagnose and treat the cause.

## WHAT IS STRESS:

Selye and Levi have defined stress as a non-specific conventional and phylogenetic basis response pattern, the primary function of which is to prepare the body for physical activity such as resistance or flight.

If however the subject lacks the means of restoring, either to fight or flight, i.e., of relieving the stress reaction stress gives rise to distress which manifests in the form of psychosomatic symptoms or disorders.

**Way to control stress:**

Stress situation may be inevitable and beyond our control. But the anxieties that the arouse can be relieved by using the following anti stress techniques.

These techniques work by helping you to avoid or reduce the stress of daily life.

Yoga is a science of mental control. It not only helps one to control one's mental state but also to improve once personality and behavior.

As modern age is suffering from social evils inside and outside. Yoga is Panacea for all evils.If every one follows the principles and practices techniques of yoga there will be harmony and peace in every country and thus yoga is an emergency of modem age.

Naturopathy does not use medicines. According naturopathy Food is medicine.

Naturopathy is a system of healing science Stimulating the body's inherent power to regain health with the help of five great elements of nature- Earth, Water, Air, Fire and Ether.

Naturopathy is a call to Return to Nature and to resort to simple way of living in harmony with the Naturopathy provides not only a simple practical approach to the stress management but a firm theoretical basis which is applicable to all the holistic medical care and by giving attention to the foundations of health; also offers a more economical frame work for the medicine of future generation.

# National Youth Day




Swami Vivekananda's birth anniversary, also called Swami Vivekananda Jayanti, is celebrated on January 12. The day is also observed as National Youth Day. iN 1984, The government said that "the philosophy of Swamiji and the ideals for which he lived and worked could be a great source of inspiration for the Indian youth" and since then, Swami Vivekananda's birth anniversary is being celebrated as National Youth Day. Swami Vivekananda's thought-provoking lectures, quotes and writings, have been a subject of study and a great source of motivation for the youth. Today is his 155th birth anniversary.

On National Youth Day, Prime Minister Narendra Modi tweeted, "I bow to Swami Vivekananda on his Jayanti. Today, on National Youth Day I salute the indomitable energy and enthusiasm of our youngsters, who are the builders of New India.


പുകവലി, പുകയില ഉൽപ്പന്നങ്ങൾ
വായ്, തൊണ്ട, അന്നനാളം,ആമാശയം,ശ്വാസകോശം
എന്നിവിടങ്ങളിൽ കാൻസർ ഉണ്ടാക്കുന്നു
പുകവലി കാൻസർ ഉണ്ടാക്കുന്നു
MALAYALAMSCRAP.COM


MALAYALAMSCRAP.COM
ഹലോ നമസ്കാരം
എന്നെ നിങ്ങൾക്ക് മനസ്സിലായോ
ഞാനാണ് ബീഡിയുടെ ചേട്ടൻ സിഗരറ്റ്
എനിക്ക് നിങ്ങളോട് ഒരു കാര്യം പറയാനുണ്ട്.
നിങ്ങൾ ദിവസവും കത്തിച്ച് വലിച്ച് ഊതി രസിച്ച്
എന്നെ ഉപദ്രവിക്കുമ്പോൾ
നിങ്ങൾ കരുതുന്നുണ്ടോ
ഞാൻ നിങ്ങളെ വെറുതെ വിടുമെന്ന്
ഇല്ല. ഒരിക്കലുമില്ല.
നിങ്ങളറിയാതെ, ഞാൻ എന്റെ ക്യാൻസർ എന്ന
കൂർത്ത പല്ലുപയോഗിച്ച് നിങ്ങളുടെ കരൾ
കാർന്ന് കാർന്ന് തിന്നും


ദിവസവും ഉണരുമ്പോൾ
മനസ്സിൽ സ്വയം പറയേണ്ട
അഞ്ച് വരികൾ
ഞാൻ പെർഫക്റ്റ് ആണ്
എനിക്ക് അത് ചെയ്യാൻ സാധിക്കും
ദൈവം എപ്പോഴും എന്നോട് കൂടെയുണ്ട്
ഞാനായിരിക്കും എപ്പോഴും വിജയി
ഇന്നാണ് എന്റെ ദിവസം
MALAYALAMSCRAP.COM


സമുദ്രജലത്തിലെ ഏതാനും തുള്ളികൾ
മലിനമായതു കൊണ്ട്
സമുദ്രജലം മുഴുവൻ മലിനമാകുന്നില്ല.
മനുഷ്യനും മനുഷ്യവംശവും
അതുപോലെയാണ്
MALAYALAMSCRAP.COM

# കണ്ണാടി

ഒരിടത്ത് രാജു എന്ന ചെറിയകുട്ടിയുണ്ടായിരുന്നു .രാജു ഒരു നല്ല കുട്ടിയായിരുന്നു .കുറച്ച് ദിവസമായി അവൻ വികൃതി കുട്ടിയായിമാറി . അവന്റെ അച്ഛനു അമ്മയും പറയുന്നത് അവൻ അനുസരിക്കാതെയായി കുളിക്കാൻ പറഞ്ഞാൽ കുളിക്കില്ല, പഠിക്കാൻ പറഞ്ഞാൽ പഠിക്കില്ല.സ്ക്കൂളിൽ പോകണമെന്ന് അവന് വിചാരമില്ല.അവൻ സ്കൂളിൽ പോകാൻ ഉറക്കത്തിൽ നിന്ന് വൈകിയാണ് എഴുന്നേൽക്കുന്നത്.ഉറക്കത്തിൽ നിന്ന് ഉണർന്നാൽ പല്ലുതേക്കുകയില്ല കുളിക്കുകയില്ല, നല്ല വൃത്തിയുള്ള വസ്ത്രങ്ങൾ ധരിക്കാറില്ല. ക്ലാസിൽ ചെന്നാൽ മറ്റ് കുട്ടികളോട് കൂടെ കളിക്കുകയോ, സംസാരിക്കുകയോ ചെയ്യാറില്ല.

ഒരു ദിവസം അവൻ സ്കൂളിലേക്ക് കുളിക്കാതെ, പല്ല് തേക്കാതെ, മുഖം കഴുകാതെ, ബുക്ക് എല്ലാം ബാഗിൽ എടുത്തുവക്കാതെ വൈകിയാണ് എത്തിയത്. അപ്പോഴാണ് ഒരു അത്ഭുതമായ കാഴ്ച കണ്ടത്. ഒരു കണ്ണാടികരയുകയാണ് രാജു വിണ്ടും വിണ്ടും അതിനെനോക്കി അവൻ കണ്ണാടിയോട് ചോദിച്ച "നീ എന്തിനാണ് കരയുന്നത്".അപ്പോൾ കണ്ണാടി പറഞ്ഞു"എനിക്ക് വൃത്തിയുള്ളവരെ കാണുമ്പോൾ വളരെ സന്തോഷമാണ്. നി ഇങ്ങനെ കുളിക്കാതെ ,മുഖം കഴുകാതെ , പല്ലുതേക്കാതെ ,പഠിക്കാതെ ഒക്കെ നടക്കുന്നതു കൊണ്ടാണ് എനിക്ക് സങ്കടം വരുന്നത് ".ഇതുകേട്ടപ്പോൾ രാജുവിനും സങ്കടമായി അവൻ വേഗം വിട്ടിലേക്ക് ഓടിപ്പോയി കുളിച്ചു,പല്ലുതേച്ച് , നല്ല വസ്ത്രം ധരിച്ച് മിടുക്കനായി തിരിച്ച് വന്ന് കണ്ണാടിയെ നോക്കി.കണ്ണാടിക്ക് സന്തോഷമായി . കണ്ണാടി അവനെ നോക്കി ചിരിച്ചു. രാജു കണ്ണാടിയോട് ചോദിച്ച"വളരെ മനോഹരമാണ് അല്ലേ നിന്റെ മുഖം "കണ്ണാടി രാജുവിനോടു പറഞ്ഞു"അതെ നിന്റെ മുഖം വളരെ മനോഹരമായിരിക്കുന്നു . രാജു അന്നുതന്നെ പ്രതിജ്ഞ ചെയ്തു"ഇനിമുതൽ എന്നും ഞാൻ വൃത്തിയായി ജീവിക്കും .

## മഹാകവികൾ

### *തുഞ്ചത്തെഴുത്തച്ഛൻ*

ആധുനിക മലയാളഭാഷയുടെ പിതാവ് എന്നു വിശേഷിപ്പിക്കപ്പെടുന്ന ഭക്തകവിയാണ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ. അദ്ദേഹം പതിനഞ്ചാം നൂറ്റാണ്ടിനും പതിനാറാം നൂറ്റാണ്ടിനും ഇടയിലായിരുന്നിരിക്കണം ജീവിച്ചിരുന്നത് എങ്കിലും പതിനാറാം നൂറ്റാണ്ടാണ് ഇദ്ദേഹത്തിന്റെ ജീവിത കാലഘട്ടം എന്ന് പൊതുവിൽ വിശ്വസിച്ചു പോരുന്നു. എഴുത്തച്ഛന്റെ യഥാർത്ഥ നാമം രാമാനുജൻ എന്നും കൃഷ്ണൻ എന്നും ചില വിദ്ഗദ്ധർ അഭിപ്രായപ്പെടുകാണുന്നുണ്ട് . ഇന്നത്തെ മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനടുത്തുള്ള തുഞ്ചൻപറമ്പ് ആണ് കവിയുടെ ജന്മസ്ഥലം എന്ന് വിശ്വസ്സിക്കപ്പെടുന്നു .
എഴുത്തച്ഛന്റെ ജീവചരിത്രം ഐതിഹ്യങ്ങളും അർദ്ധസത്യങ്ങളാലും മൂടപ്പെട്ടുകിടക്കുകയാണ് . കവിയുടെ
അഭ്യർത്ഥന മാനനിച്ച് കളി കഥ പറയുന്ന രീതിയിൽ എഴുതപ്പെട്ടിരിക്കുന്ന കാവ്യങ്ങളെയാണ് കിളിപ്പാട്ടുകൾ എന്നറിയപ്പെടുന്നത്. ഭാഷാപിതാവായ എഴുത്തച്ഛന്റെ കൃതികൾ കിളിപ്പാട്ടുകളാണ്.ശാരികപ്പൈതലിനെ വിളിച്ചിരുത്തി ഭഗവൽക്കഥകൾ പറയാനാവശ്യപ്പെടുന്ന രീതിയിലുള്ള രചനയാണിത്. കിളിപ്പാട്ടുപ്രസ്ഥാനം എന്ന പേരിലാണ് അറിയപ്പെടുന്നത്. പാരായണത്തിലൂടെയും കേൾവിയിലൂടെയും വളർന്ന സംസ്കാരമാണ് കേരലത്തിന് ഭാരതസംസ് കാരത്തിലേക്ക് എത്തിനോക്കാൻ ഒരു കിളിവാതിൽ സമ്മാനിച്ചു.

### *കേശവദേവ്*

**സാഹിത്യത്തെ സാമൂഹിക ജീവിതത്തിനു നേരെപിടിച്ച് കണ്ണാടിയാക്കി മനുഷ്യനീതിക്കു വേണ്ടി പൊരുതിയ  കഥാകൃത്താണ് പി. കേശവദേവ്. തസ് കരസംഘം,മലക്കറിക്കാരി,മീൻക്കാരൻ,വങ്കൻപിള്ളയുടെ കഥ, പ്രേമിക്കാൻ നേരമില്ല,അന്നത്തെ നാടകം,കളിത്തോഴി,അവളുടെ ആത്മകഥ,ഗായിക,അച്ഛനും**

**മകനം,കൊടുങ്കാറ്റ്, സ്ഥലംമാറ്റം  തുടങ്ങിയവ കേശവദേവിന്റെ രചനകളാണ്**

## *തകഴി*

കുട്ടനാടിന്റെ കഥാകാരൻ എന്നാണ തകഴിയെവിശേഷിപ്പിക്കുന്നത്. ശിവശങ്കരപ്പിള്ള എന്നാണ പേര്. ഗൗരവഭാവമുള്ളവയാണ് തകഴിയുടെ കഥകൾ, നർമഭാവം വല്ലപ്പോഴുമേ തകഴിക്കഥകളിൽ പ്രത്യക്ഷപ്പെടാറുള്ളൂ. മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം ഇഴപിരിക്കാനാവാത്തവിധം തകഴിക്കഥകളിൽ അലിഞ്ഞുചേന്നിരിക്കുന്നു. വെള്ളപ്പൊക്കത്തിൽ ആണ തകഴിയുടെ ശ്രദ്ധേയമായ ആദ്യകഥ.ചാപല്യം,ആറുപതാം വയസ്സിൽ, ചാത്തന്റെ കഥ, ഒരസാധാരണത്യാഗം, കൃഷിക്കാരൻ, കല്യാണിയുടെ കഥ, കെട്ടുതാലിയുടെ കഥ എന്നി വയാണ് പ്രധാന കൃതികൾ

## *വൈക്കം മുഹമ്മദ് ബഷീർ*

അനുഭവ യാഥാർഥ്യങ്ങളെ മടിയില്ലതെ തുറന്നു കാണിച്ച കഥാകാരനാണ വൈക്കം മുഹമ്മദ് ബഷീർ പട്ടിണിയുടെയും കഠിനമായ  വിശപ്പിന്റെയും അനുഭവങ്ങൾകൊണ്ടുദീപ്തമാണ ബഷീറിന്റെ പല പ്രധാന കഥകളും അനുകരിക്കാൻ സാധിക്കാത്തതണ ബഷീറിയൻ ശൈലി .ബാല്യകാല സഖി, പാത്തുമ്മായുടെ ആട്,ജന്മദിനം, വിഡ്ഢികളുടെ,സ്വർഗം, വിശപ്പ്, ഒരു പഴയകൊച്ചു പ്രേമകഥ, വളയിട്ടകൈ, ചട്ടുകാലി, പൂവമ്പഴം, ശബ്ദങ്ങൾ, ന്റുപ്പുപ്പാക്കൊരാനുണ്ടാർന്ന്, എന്നിവയാണ് പ്രധാനകൃതികൾ. റൊമാന്റിക് കഥകൾ,റിയലിസ്റ്റിക് കഥകൾ, ഫാൻസി കഥകൾ, നർമകഥകൾ, എന്നിങ്ങനെ പരന്നുകിടക്കുന്ന മികച്ച കഥകളാണ ബഷീറിന്റെത് പ്രപഞ്ചത്തിനു കീഴിലുള്ള സകലതും കഥകളുടെ സുൽത്താൻ വിഷയമാക്കി.

1908 ൽ കോട്ടയം ജില്ലയിലെ വൈക്കത്തിനടുത്ത തലയോലപ്പറമ്പിൽ ജനിച്ച ബഷീർ 1962 ൽ കോഴിക്കോട്ടെ ബേപ്പൂരിൽ സ്ഥിരതാമസമാക്കി,1994 ജൂലൈ 5 ന് അന്തരിച്ചു.

## എം. ടി വാസുദേവൻ നായർ

മലയാള ചെറുകഥാലോകത്തെ പെരുന്തച്ചൻ, ഗ്രാമീണകേരളത്തിന്റെ ചന്തവും ചൂരും മലയാളഭാഷയിൽ അടയാളപ്പെടുത്തിയ കഥാകാരനാണ് എം.ടി. മലയാളി ശ്രദ്ധിക്കാൻ വിട്ടു പോകുന്ന മനുഷ്യജീവിതങ്ങളെ ഈ കഥാക്കാരൻ കഥയുടെ കാൻവാസിൽ വരച്ചുവച്ചിരിക്കുന്നു.

പാലക്കാട് ജില്ലയിലെ കുടല്ലൂരിൽ`1933 ജൂലൈ 15 ന പുന്നയൂർ കുളം ടി. നാരായണൻനായരുടെയും മാടത്തുതെക്കേപ്പാട്ട് അമ്മാളുഅമ്മയുടെയും മകനായി ജനിച്ചു.മാതൃഭൂമി വാരിക പത്രാധിപർ,കേരള സാഹിത്യ അക്കാദമി പ്രസിഡന്റ്, തുഞ്ചൻ സ്മാരക സമതി അധ്യക്ഷൻ, തിരക്കഥകൃത്ത്,

കൃതികൾ:നാലുകെട്ട്, അസുരവിത്ത്, മഞ്ഞ്, രണ്ടാമൂഴം, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, തിരഞ്ഞെടുത്ത കഥകൾ. ഷെർലക്ക്, വനപ്രസ്ഥം, കാഥികന്റെ പണിപ്പുര, ഗോപുരനടയിൽ, കാഥികന്റെ കല, ഹെമിങ്‌വേ, ഒരുമുഖവുര തുടങ്ങിയവ കൂടാതെ നിരവതി തിരകഥകളുമുണ്ട് . വയലാർ അവാഡ്, ജ്ഞാനപീഠം, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് , കേരളസാഹിത്യ അക്കാദമി അവാർഡ് എന്നിവയാണ് പ്രധാന ബഹുമതികൾ

## എസ് കെ. പൊറ്റെക്കാട്

നോവലിസ്റ്റും സഞ്ചാരസാഹിത്യകാരനും കവിയുമായ എസ്.കെ പൊറ്റെക്കാട് എന്ന ശങ്കരകുട്ടി
കുഞ്ഞിരാമൻ `1913 മാർച്ച് 14 കോഴിക്കോട് ജനിച്ചു.1928 ലാണ് ആദ്യത്തെകഥ പ്രസിദ്ധിപ്പെടുത്തുന്നത്.1929 ൽ കോഴിക്കോട്ടു നിന്നുള്ള ആത്മവിദ്യാകാഹളത്തിൽ മകനെ കൊന്ന മദ്യം എന്ന ഒരു കവിത പ്രസിദ്ധപ്പൊടുത്തി.`1931 ൽ ദീപം എന്ന മാസികയിൽ ഹിന്ദു-മുസ്‌ലിം മൈത്രി എന്ന കഥയും പുറത്തുവന്നു.തുടർന്നു മാതൃഭൂമി ആഴ്ചപതിപ്പിൽ തുടർച്ചയായി കഥകൾ പ്രസിദ്ധികരിച്ചുതുടങ്ങി. ആദ്യത്തെ നോവൽ നാടൻപ്രേമമാണ്.

കേരള സാഹിത്യ അക്കാദമി അവാർഡ് (1973),ജ്ഞാനപിഠം പുരസ്കാരം (1980) എന്നിവ ലഭിച്ചു. കാലിക്കറ്റ് സർവകലാശാല ഡോക്ടറേറ്റ് നൽകി ആദരിച്ചു.1913 ൽ കോഴിക്കോട്ടെ പുതിയറയിലായിരുന്നു ജനനം .1982 ൽ ആഗസ്ത് 6 ന് അന്തരിച്ചു.

പ്രധാനകൃതികൾ: ഒരു തെരുവിന്റെ കഥ, ഒരു ദേശത്തിന്റെ കഥ, വിഷകന്യക , ചന്ദ്രകാന്തം, മണിമാളിക, രാജമല്ലി, നിശാഗന്ധി, കാട്ടുചെമ്പകം, ഒട്ടകം, ജയിൽ, എന്നിവയാണ്.

## *കുഞ്ചൻ നമ്പ്യാർ*

തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. പാലക്കാട് ജില്ലയിലെ ലക്കിടിക്കടുത്ത് കിള്ളിക്കുറിശ്ശിമംഗലത്ത് ജനനം. സവിശേഷതകൾ:ഫലിതം, പരിഹാസം, സാമൂഹ്യവിമർശനം എന്നിവ കവിതകളുടെ പ്രത്യേകതകളാണ്. പുരാണകഥകളെ അവലംബമാക്കി തുള്ളൽക്കഥകൾ രചിച്ചു.

പ്രധാനകൃതികൾ:ശ്രീകൃഷ്ണചരിതം, മണിപ്രവാളം, സ്യമന്തകം, ഘോഷയാത്ര, സീതാസ്വയംവരം, കല്യാണസൗഗന്ധികം, നളചരിതം, കിളിപ്പാട്ട്.

## *കുഞ്ഞുണ്ണിമാഷ്*

തൃശ്ശൂർ ജില്ലയിലെ വലപ്പാട് ജനിച്ചു. നുറുങ്ങുകവിതകളിലൂടെ പുതിയ കാവ്യശൈലി അവതരിപ്പിച്ചു. പ്രധാനകൃതികൾ:ഉണ്ടനും ഉണ്ടിയും, പഴങ്കഥകൾ, പുലിവാല്, കളിക്കോപ്പ്, കുട്ടികവിതകൾ, പതിനഞ്ചും പതിനഞ്ചും, കുഞ്ഞുണ്ണിയുടെ കവിതകൾ. മുഖ്യഹഹ്മതികൾ:കേരള സാഹിത്യ അക്കാദമി അവാർഡ്

## *ഉള്ളൂർ 1877-1949*

ഉള്ളൂർ എസ്. പരമേശ്വരയ്യർ ആധുനിക കവിത്രയത്തിൽപ്പെട്ട മഹാകവി. ചങ്ങനാശ്ശേരിയിൽ ജനനം. ദിവാൻ പേഷ്കാർ, ചീഫ് സെക്രട്ടറി, റവന്യൂകമ്മീഷണർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

പ്രധാനകൃതികൾ:ഉമാകേരളം (മഹാകാവ്യം), കർണ്ണഭൂഷണം, പിംഗള, ചിത്രശാല

ഗ്രന്ഥകാവ്യങ്ങൾ, ഭക്തിദീപിക, താരഹാരം, കിരണാവലി, മണ്ജൂഷ, പ്രേമസംഗീതം (കവിതാസമാഹാരം), കേരള സാഹിത്യ ചരിത്രം.

## ഒ. എൻ. വി. കുറുപ്പ്

കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. ഒറ്റപ്ലാക്കൽ നീലകണ്ഠ വേലുക്കുറുപ്പ് എന്നാണ് പൂർണമായ പേര്. കവി, ചലച്ചിത്രഗാനരചിതാവ്, അധ്യാപകൻ എന്നീ നിലകളിൽ ശ്രദ്ധേയൻ.

പ്രധാനകൃതികൾ:ഉജ്ജയിനി, അഗ്നിശലഭങ്ങൾ, അക്ഷരം, ഉപ്പ്, ഭൂമിക്കൊരു ചരമഗീതം, കറുത്തപക്ഷിയുടെ പാട്ട്, മയിൽപ്പീലി, അപാരാഹനം.മുഖ്യബഹുമതികൾ:ജ്ഞാനപിഠം പുരസ്കാരം, കേന്ദ്രകേരള സാഹിത്യ അക്കാദമി അവാർഡുകൾ,ഓടക്കുഴൽ അവാർഡ്, വയലാർ അവാർഡ്.

## ഇടശ്ശേരി ഗോവിന്ദൻനായർ

പൊന്നാനിയിൽ ജനനം. കുട്ടികൃഷി, പുത്തൻകലവും അരിവാളും, കവിലെ പാട്ട്, പൂതപ്പാട്ട്, ഒരു പിടിനെല്ലിക്ക, അന്തിത്തിരി, കറുത്ത ചെട്ടിച്ചികൾ എന്നിവ പ്രധാന കൃതികൾ. മലബാറിലെ കേന്ദ്ര കലാസമിതിയുടെ പ്രസിഡന്റ്, സാഹിത്യപ്രവർത്തക സഹകരണസംഘം ഡയറക്ടർ എന്നീനിലകളിൽ പ്രവർത്തിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം, കേരളസാഹിത്യ അക്കാദമി അവാർഡ്, ആശാൻ പ്രൈസ് എന്നിവ ലഭിച്ചിട്ടുണ്ട്

## കേരള വർമ വലിയ കോയിത്തമ്പുരാൻ

ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരത്തിൽ ജനിച്ചു. കവി, നിരൂപകൻ, വിവർത്തകൻ, എന്നീ നിലകളിൽ പ്രശ്സതൻ. കേരളകാളിദാസൻ എന്ന അപരനാമത്തിൽ അറിയപ്പെട്ടു. കാളിദാസന്റെ ശാകുന്തളം മലയാളത്തിലേക്ക വിവർത്തനം ചെയ് തതിനെ തുടർന്നാണിത്. മയൂരസന്ദേശം, മഹച്ചരിത സംഗ്രഹം, തിരുനാൾ പ്രബന്ധം, ധ്രുവചരിതം, മണിപ്രവാളശാകുന്തളം, അക്ബർ എന്നിവയാണ് പ്രധാനകൃതികൾ.

## ഒ.വി. വിജയൻ

മലയാള കഥാസാഹിത്യത്തിനു ദാർശനിക മാനങ്ങൾ നൽകിയ അസാധാരണ വ്യക്തിത്വമാണ് ഒ. വി. വിജയൻ. കാർട്ടൂണിസ്റ്റ് എന്ന നിലയിൽ മുൻനിര ദേശീയ പത്രങ്ങളിലൂടെ രാജ്യമൊട്ടാകെ അറിയപ്പെട്ടു. പാലക്കാട് ജില്ലയിലെ മങ്കരയിൽ 1931 ജൂലൈ 2 നു വേലകുട്ടിയുടെയും കമാലക്ഷിയമ്മയുടെയും മകനായി ജനിച്ചു. അധ്യാപകനായി ജോലി നോക്കി പിന്നീടു ശങ്കേഴ്സ് വീക്കിലിയിൽ കാർട്ടൂണിസ്റ്റ്. പാടിയട്ട്, മെയിൻ സ്ടീം, ഇല്ലസ്ട്രേറ്റഡ് വീക്കിലി ഓഫ് ഇന്ത്യ, മാതൃഭൂമി, ഫാർ ഈസ്റ്റേൺഇക്കണോമിക്ക് തുടങ്ങിയ പ്രശസ്ത പത്രങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു. മധുരംഗായതി, പ്രവാചകന്റെ വഴി, ഗുരുസാഗരം, ധർമപുരാണം എന്നിവയാണ് കൃതികൾ

## കമലാ സുരയ്യ

മലയാള കഥാസാഹിത്യത്തിന് എന്നു അഭിമാനത്തോടെ നെഞ്ചിൽ ചേർത്തുവയ്ക്കാവുന്ന കഥകൾ നൽകിയ കഥാക്കാരി. സാഹിത്യത്തിലെ ശക്തമായ സ്ത്രീ സാനിധ്യമാണു കമലാ സുരയ്യ. എന്ന മാധവികുട്ടി. കമലാദാസ് എന്ന പേരിൽ ഇംഗ്ലീഷിൽ കവിതകളെഴുതി ലോകപ്രശസ്തയായി. മാധവികുട്ടിയുടെ കഥകൾ, ബാല്യകാലസ്മരണകൾ, നരിച്ചീകൾ പറക്കുമ്പോൾ മതിലുകൾ ,തരിഗുനിലം നീർമാതളം എന്നിവയാണ് പ്രധാന കൃതികൾ

## കുമാരൻശാൻ

ആധുനിക കവിത്രയത്തിൽ ഉൾപ്പെട്ട കവി. ചിറയിൽകീഴ് താലൂക്കിലെ കായിക്കര ഗ്രാമത്തിൽ ജനിച്ചു. എസ്. എൻ. ഡി.പി യോഗത്തിന്റെ ആദ്യ ജനറൽ സെക്രട്ടറി. 1924 ജനവരി 16 ന് പല്ലനയാറ്റിലുണ്ടായ ബോട്ടപകടത്തിൽ അന്തരിച്ചു. മിക്ക കാവ്യങ്ങളിലും സ്നേഹത്തെ പ്രകീർത്തിക്കുന്ന ആശാൻ മനുഷ്യാത്മാവിന്റെ സ്വാതന്ത്ര്യവും സാമൂഹിക സ്വാതന്ത്ര്യവും ആഗ്രഹിച്ചിരുന്നു. പ്രധാനകൃതികൾ:നളിനി, ലീല, വീണപൂവ്, പ്രരോദനം, ദുരവസ്ഥ, കരുണ, പുഷ്പവാടി, വനമാന, മണിമാല, ബാലരാമാണം, സൗന്ദര്യലഹരി, ബുദ്ധചരിതം വിവർത്തനങ്ങൾ .

## ചങ്ങമ്പുഴ കൃഷ്ണപിള്ള

**എറണാകുളത്ത് ഇടപ്പള്ളിയിൽ ജനിച്ചു. ഇടപ്പള്ളി രാഘവൻ പിള്ളയോടെപ്പം ഇടപ്പള്ളിക്കവികൾ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഇടപ്പള്ളിയുടെ മരണത്തെതുടർന്ന് രചിച്ച "രമണൻ"ഇദ്ദേഹത്തിന്റെ പ്രശസ്ത കൃതിയാണ്. രമണൻ, ദേവയാനി, ശ്രീതിലകം എന്നിവ പ്രധാനകൃതികൾ.**

# ഔഷധച്ചെടികൾ

## മുത്തങ്ങ

**അരയിടത്തോളം മാത്രം ഉയരത്തിൽ വളരുന്ന ഈ സസ്യത്തിന്റെ ഇത്തിരിപ്പോന്ന കിഴങ്ങാണ് ഔഷധമായി ഉപയോഗിക്കുക. സൈപ്പൊസ് റോട്ടൻസ് എന്നാണ മുത്തങ്ങയുടെ ശാസ്ത്രനാമം. നനവും ഈർപ്പവുമുള്ള പ്രദേശങ്ങളിൽ നന്നായി വളരും. ഒരു യൗവനദായക ഔഷധമാണ് മുത്തങ്ങ. ചെറുകിഴങ്ങിൽ ധാരാളം ജലം അടങ്ങിയിട്ടുണ്ട്. ഇതു ദാഹശമനത്തിന് ഉത്തമമാണ്. പ്രധാനമായും രണ്ടുതരം മുത്തങ്ങയാണ് നമ്മുടെ നാട്ടിൽ കണ്ടുവരുന്നത്. ചെറുമുത്തങ്ങയും കഴിമുത്തങ്ങയും. ചെടിയുടെ നെറുകയിൽ ആന്റിനെ പോലെ ഉയർന്ന നിൽക്കുന്ന പൂന്തണ്ടും ചുവട്ടിലെ കിങ്ങിണ്ണികിഴങ്ങുകളും നറുമണവും കൊണ്ടു മുത്തങ്ങയെ നമുക്കു തിരിച്ചറിയാം.**

## കരിനൊച്ചി

**വാതരോഗങ്ങളും സന്ധിവേദനയും ശമിക്കാൻ കരിനൊച്ചികുകഴിയും. വൈറ്റെക്സ് നെഗുണ്ടോ എന്നാണ ശാസ്ത്രനാമം. നൊച്ചികൾ പല തരമുണ്ടങ്കിലും നീലപ്പൂക്കൾ ഉണ്ടാവുന്നതാണ കരിനൊച്ചി.ഇലകളുടെ അടിഭാഗം നീലകലർന്ന പച്ച നിറമാണ് മരം 4-5 മീറ്റർ ഉയരം വരെ ശാഖോപശാഖകളായി വളരും.**

**ബാഷ്പധീവമുള്ള സുഗന്ധതൈലം ഇലയിൽ അടങ്ങിയിട്ടുണ്ട് ഇലയും തൊലിയും ഔഷധമായി ഉപയൊഗിച്ചവരുന്നു. ക്ഷയം, ശ്വാസകോശരോഗങ്ങൾ എന്നിവയ്ക്കെതിനെ പ്രതിരോധശോടി പ്രദാനം ചെയ്യും .**

## ആനച്ചുവടി

**നാട്ടിൻ പുറങ്ങളിൽ കാണപ്പെടുന്ന ഒരു ചെറുസസ്യമാണ് ആനച്ചുവടി. ആനയുടെ കാൽ മണ്ണിൽ പതിഞ്ഞപോലെ നിലംപറ്റി വളരുന്ന കൊണ്ടാണ് ഇംഗ്ലീഷിലും മലയാളത്തിലും ശാസ്ത്രനാമത്തിലുംമെല്ലാം ആന കടന്നുവരുന്നത്.**

എലിഫന്റോപസ് സ്കാബർ എന്നാണ ശാസ്ത്രനാമം. ഹൃദ്രോഗത്തിനും കാൻസറിനുമെതിരേ പ്രവർത്തിയും ഇതിൽ സോഡിയം, പൊട്ടാസ്യം, കാൽസ്യം, ഇരുമ്പ് എന്നിവ അടങ്ങിയിട്ടുണ്ട്. കുടൽരോഗങ്ങൾക്കെതിരേ ഫലപ്രദമാണീ ഔഷധമം

## അത്തി

പ്രസിദ്ധമായ വൃക്ഷമാണ് അത്തി. ഫൈതോസ് ഗ്ലോമറാറ്റ്. എന്നാണ് അത്തിയുടെ ശാസ്ത്രനാമം.ആൺ കുടുംബത്തിലെ അംഗമായ അത്തിയും പേരാർ, അരയാൽ, ഇത്തി എന്നിവയുമാണ നാൽപാമരങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന്. ഇടത്തരം വൃക്ഷമാണ് അത്തി. കാതലില്ലാത്ത തടിയിൽ പറ്റിച്ചേർന്ന ചെറുകൂട്ടമായാണ. പഴങ്ങൾ ഉണ്ടാവുന്നത്. ഇല അതൽപം വീതികൂടി മിനുസമാർന്ന മാവിലപോലെ കാണപ്പെടുന്ന അത്തിയുടെ ഇല, പഴം, തൊലി, കറ എന്നിവയെല്ലാം ഔഷധമാണ്

## ചിറ്റരത്ത

ദുർബലകാണ്ഡമുള്ള ഒരു കുറ്റിച്ചെടിയാണ് ചിറ്റരത്ത.വാതരോഗങ്ങൾക്കെതിരായ ഇതിന്റെ ഗുണവിശേഷങ്ങൾ നിരവധിയാണ്. കേരളങ്ങിലെ എല്ല, പ്രദേശങ്ങളിലും നന്നായി വളരും. സമൂലം ഔഷധമായ ഉഴിഞ്ഞ സ്വഭവികമായിതന്നെ വീട്ടുപരിസരങ്ങളിൽ വളരും. വാതഹരവും ഉഷ്ണവിര്യവും സ്നിഗ്ധഗുണവുള്ളതുമാണ്. താളിയായുള്ള ഉപയോഗം മുടിയുടെ വളർച്ചക്കും ആരോഗ്യത്തിനും നല്ലതാണ്. വിത്തിൽ ഒരുതരം എണ്ണ അടങ്ങിയിട്ടുണ്ട്.

## അരുത

പശ്ചിമ്യേക്കാരുടെ വിശുദ്ധ സസ്യമാണ് അരുത അഥവാശതാപ് സോമവല്ലി എന്നു കൂടി അറിയപ്പെടുന്ന ഈ കുറ്റിച്ചെടി ശിശുരോഗങ്ങൾക്കെതിരായ ഔഷധമാണ്.
വയ്ക്കുന്ന അരുതയുടെ ശാസ്ത്രനാമം റൂട്ടാഗ്രാഫിയോളെൻസ് എന്നാണ്.ഇളം പച്ചനിറമുള്ള സസ്യത്തിനു വളരെ ചെറിയ ഇലകളാണുള്ളത്. സുഗന്ധ വ്യഞ്ജനമായി ഉപയോഗിക്കുന്നതിനാൽ ലോകത്തു പല സ്ഥലങ്ങളിലും വൻതോതിൽ കൃഷിചെയ്തുവരുന്നുണ്ട്. റൂട്ടിൽ എന്ന ഗൈക്കോസൈഡും ന്മാഷ്

**പശിലത്തെലവുമാണ് മുഖ്യ രാസ രാസഘടകങ്ങൾ തുളസിയെപ്പോലെ അന്തരിക്ഷത്തെ ശുദ്ധികരിക്കാൻ അസാധാരണ കഴിവുണ്ട്.**

# അദ്ധ്യാപകദിനം

സെപ്റ്റംബർ 5 അദ്ധ്യാപിക ദിനം .ഇന്ത്യയുടെ പ്രേസിടെന്റും പ്രശസ്ത അധ്യാപകനുമായിരുന്ന ഡോ .എസ് .രാധാകൃഷ്ണന്റ ജന്മദിനമാണ് നമ്മൾ അദ്ധ്യാപികദിനമായി ആചരിക്കുന്നത് .ഈ ദിനത്തിൽ നമ്മുക്ക് എല്ലാ അദ്ധ്യാപികമാരായും നന്ദിയോടെ ഓർക്കുകയും ആദരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം .

1888-ൽ സെപ്റ്റംബർ 5-ന് തമിഴ്നാട്ടിൽ ജനിച്ച എസ് .രാധാകൃഷ്ണൻ തിരുത്തണിയിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി . അദ്ദേഹം 1980-ൽ തത്വശാസ്ത്രത്തിൽ എം.എ .ബിരുദം , ഒന്നാം റാങ്കോടെ പാസ്സായി .തത്വജ്ഞാനികളുടെ രാജാവ് എന്ന് വിശേഷിപ്പിക്കപ്പെട്ട ഡോ.രാധകൃഷ്ണൻ രാഷ്ട്രപതിയായപ്പോൾ ലോക പ്രസിദ്ധ ദാർശനികനായ ബർട്രാൻഡ് റസ്സൽ പ്രസ്താവിച്ചത് "ദാർശനികർ ഔന്നത്യം പ്രാപിക്കുന്നു"എന്നാണ്."ആർഷഭാരത സംസ്കാരത്തിൽ ഗുരുക്കന്മാരെ ദൈവതുലിയരായാണ് കണക്കാക്കിയിരുന്നത് ."മാതാപിതാ ഗുരു ദൈവം "എന്നാണ് സങ്കല്പം .ഗുരു എന്നാൽ "ഇരുളിനെ അകറ്റുന്നവൻ" എന്നാണ് അർത്ഥം ഗുരു അജ്ഞാനിയാകുന്ന ഇരുളകറ്റി വിജ്ഞാനമാകുന്ന വെളിച്ചം പകരുന്ന അതിനാൽ അധ്യാപനം ഈശ്വരപൂജയാണ് .അധ്യാപകർ ഈശ്വരതുല്യരരും .അവരെ ആദരിക്കുകയന്നതാണ് വിദ്യാഭ്യാസത്തിന്റ ആദ്യപാഠം .

ഗുരുസ്മരണയോടെ , ഗുരു ദേവോ ഭവ "

# My class teacher

*MY class teacher is beloved to all cared and loved by him. She is really understanding other. She plays a co-ordinator role among our other teacher. Everybody she comes at the right time she tells us nice stories and jokes we have a very cordial relation with our class teacher .but she never compromise over any sort of misdeeds or indiscipline she known our parents and keep a frequent considers his student as his personal belogings*

## ജി ശങ്കരകുറുപ്പ്

എറണാകുളം ജില്ലയില്ലെ കാലടിക്കടുത്ത് നായത്തോടുഗഗ്രാമത്തിൽ ശങ്കരവാരിടേയും,ലക്ഷിക്കുട്ടിയമ്മയുടേയും പുത്രനായി 3-6-1901 ൽ ജനിച്ചു.വിദ്യാഭാസംഅന്ദരം അദ്ധ്യാപകനായി വിദ്വാൻ പരീക്ഷ പാസയശേഷം *എറണാകുളം മഹാരാജാസ് കോളേജിൽ ട്യൂട്ടറായി ചേർന്നു.ഒന്നാം ഗ്രേഡ് പ്രഫസറായി 1956-ൽ റിട്ടയർ ചെയ്തു. തിരുവനന്തപുരത്ത് അകാശവാണിയിൽ പ്രൊഡ്യൂസറായിരുന്നിട്ടുണ്ട്.കേന്ദ്ര സംസ്ഥാന സാഹിത്യഅക്കാദമി ജ്ഞാനപീഠം അവർഡുകളും സോവ്യററ്റ്ലാന്റ് അവർഡും മഹാകവി ശങ്കരക്കുറുപ്1967-ൽ പത്മഭൂഷൺ ലഭിച്ചു രാജ്യസഭയിൽ നോമിനേററഡ് അംഗമായിരുന്നിട്ടുണ്ട്.അൻ പത്തിരണ്ടില്പരം കൃതിൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'നിർമ്മല' എന്ന മലയാള ചിത്രത്തിന്റെ ഗാനങ്ങൾ ഇദ്ദേഹം രചിച്ചവയാണ്.' യാചകൻ അഭയം ' തുടങ്ങിയ ചിത്രങ്ങൽ ഇദ്ദേഹത്തിന്റെ കാവ്യശകലങ്ങൾക്കും സംഗീതം അവതരിപ്പിച്ചിട്ടുണ്ട്.ശ്രിമതി സുഭദ്രാമ്മയാണ ഭാര്യ. ഒരുമകൻ ഒരുമകളുണ്ട്. ഫെബ്രുവരി 2 വാപ്പലാസരി അങ്കമാലിയിൽ വച്ചാണ് അദ്ദേഹം അന്തരിച്ചു. [76 വയസ്സ്]*

# കലാമിന്റെ വചനങ്ങൾ

*സ്വപ്നം കാണുന്ന ആ സ്വപ്നങ്ങളെക്കുറിച് ചിന്ദിക്കുകാ ആ ചിന്തകളെ പ്രവർത്തിയിലൂടെ സഫലമാക്കുക.

*വിജയികളുടെ കഥകൾ വായിക്കരുത്,അതിൽനിന്നും നിങ്ങൾക്ക് സന്ദേശം മാത്രമേ ലഭിക്കുകയുള്ളു,പരാജിതരുടെ കഥകൾ വായിക്കുക
നിങ്ങൾക്ക് വിജയിക്കുവാനുള്ള പ്രചോദനം ലഭിക്കും.

*ഭയപ്പെടാൻ തുടങ്ങിയാൽ "ഭയപ്പെടുത്താനും ആളുണ്ടാവും " പിന്തിരിഞ്ഞോടാൻ തീരുമാനിച്ചാൽ "ജീവിതകാലം മുഴുവൻ പിൻതിരിഞ്ഞോടടെ*ലോകത്തിലെ ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യം സ്വന്തം തെറ്റ് മനസിലാക്കുക എന്നതും ,അത് സമ്മതിക്കുക എന്നതുമാണ് ..........വളരെ
എളുപ്പമുള്ള കാര്യം മറ്റുള്ളവരുടെ തെറ്റുകൾ കണ്ടേത്തി അത് പറഞ്ഞു നടക്കുക എന്നതുമാണ് .........

*"വികാരപരമായി കറുപ്പ് ഒരു മോശം നിറമാണ് എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളാണ് വിദ്യാർഥികളുടെ ജീവിതം ശോഭനമാക്കുന്നത് !" ണ്ടിവരും"
തോൽക്കാൻ തയ്യാറായാൽ "മരണം വരെ തോൽക്കാൻ മാത്രമേ സമയം കാണു "

ഏത് സാഹചര്യത്തിലും മുന്നോട്ട് പോകാൻ തയ്യാറായിരുന്നു .......
എന്നാൽ "നിങ്ങൾക്ക് അന്തസ്സോടെ ജീവിക്കാം ......"

*എല്ലവരും ഒരുപോലേ കഴിവുള്ളവരാക്കണമെന്നില്ല എന്നാൽ സ്വന്തം കഴിവുകളെ വികസിപ്പിച്ചെടുക്കാനുള്ള അവസരം ഏവർക്കും


*ലോകത്തിലെ ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യം സ്വന്തം തെറ്റ് മനസിലാക്കുക എന്നതും ,അത് സമ്മതിക്കുക എന്നതുമാണ് ..........വളരെ

എളുപ്പമുള്ള കാര്യം മറ്റുള്ളവരുടെ തെറ്റുകൾ കണ്ടെത്തി അത് പറഞ്ഞു നടക്കുക എന്നതുമാണ് .........

*"വികാരപരമായി കറുപ്പ് ഒരു മോശം നിറമാണ് എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളാണ് വിദ്യാർഥികളുടെ ജീവിതം ശോഭനമാക്കുന്നത് !"

*you have to dream before the dream comes true.

_Dr.APJ Abdul Kalam



# മാഗസിന് പിന്നിൽ അണിനിരന്നവർ

**അഞ്ജന സുഭാഷ്**

**ശ്രാവൺ**

**ശോഭിത്**



# ശുഭം